2026
AUGUST
04
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഡിജിറ്റൽ ഇന്ത്യ എ.ഐ. വിപ്ലവം
# വേഗം കൂടി; ഇതിനകം ഫയൽ ചെയ്തത് അഞ്ചുകോടി റിട്ടേണുകൾ

**ന്യൂദൽഹി:** ഇത്തവണ വെറും നാലുമാസത്തിനുള്ളിൽ ഫയൽ ചെയ്തത് അഞ്ചുകോടിയിലേറെ റിട്ടേണുകൾ. കഴിഞ്ഞ വർഷത്തെ 7.3 കോടി റിട്ടേണുകളെന്ന റെക്കോഡ് ഇത്തവണ പഴങ്കഥയാകും. സമയപരിധി അവസാനിക്കുന്നതിന് തൊട്ടുമുമ്പുള്ള എട്ടു ദിവസങ്ങളിൽ മാത്രം 1.2 കോടിപേരാണ് റിട്ടേൺ നൽകിയത്. പൗരന്മാരുടെ ശീലത്തിന്റെ ഭാഗമാകുകയാണ് നികുതി. സാങ്കേതിക മുന്നേറ്റം അതിന് പ്രോത്സാഹനമായി.

സഫാരി സ്യൂട്ടിട്ട പഴയ നികുതി അന്വേഷകരിപ്പോഴില്ല. എല്ലാറ്റിനും പിന്നിൽ നിശബ്ദമായി പ്രവർത്തിക്കുന്ന അൽഗോരിതങ്ങൾ മാത്രം. എല്ലാ മേഖലയിലുമെന്നപോലെ റിട്ടേണുകൾ പരിശോധിക്കാനും എഐ മുന്നിൽത്തന്നെയുണ്ട്. നിമിഷ നേരംകൊണ്ടാണ് ക്രമക്കേടുകൾ കണ്ടുപിടിക്കുന്നത്. റിട്ടേൺ ഫയൽ ചെയ്യാത്തവർ മുതൽ വിവരം വെളിപ്പെടുത്താത്തവർ വരെ വലയിൽ കുടുങ്ങുന്നു. മുൻകൂട്ടി പൂരിപ്പിച്ച ഫോമുകൾ വന്നതോടെ നികുതിദായകർക്ക് എളുപ്പ



വുമായി. ശമ്പളവും പലിശയും ലാഭവീതവും സ്വമേധയാ ഫോമിൽ പ്രത്യക്ഷപ്പെടുന്നു. പിഴവുകൾ കുറയുന്നു. വേഗത കൂടുന്നു. മാനുഷിക ഇടപെടലുകൾക്ക് ആവശ്യമുള്ളത് കുറച്ചിടങ്ങളിൽ മാത്രം.

വസ്തു ഇടപാടുകളും ഓഹരി നിക്ഷേപങ്ങളും മാത്രമല്ല, വിദേശ യാത്രകളും ഇനി ഒളിച്ചുവെക്കാനാവില്ല. സോഷ്യൽ മീഡിയയിലെ ചിത്രങ്ങളും ബാങ്ക് ബാലൻസുംവരെ എഐ പരിശോധിക്കും. വിവിധ ഡാറ്റാബേസുകളുടെ സംയോജനം നികുതിവെട്ടിപ്പിന്റെ പരമ്പരാഗത പഴുതുകൾ അടയ്ക്കുന്നു. ഡിജിറ്റൽ ഇടപാടുകൾ പിന്തുടർന്ന് സാമ്പത്തിക ജീവിതത്തിന്റെ മൊത്തം ചിത്രം ആദായ നികുതി വകുപ്പ് കണ്ടെത്തുന്നു. പിന്നാലെ കൂടിയ ഈ സാങ്കേതിക ഭൂതം നികുതിദായകരുടെ മനോഭാവത്തിൽ കാര്യമായ മാറ്റമുണ്ടാക്കി.

കുറഞ്ഞ നികുതി നിരക്കും ലളിതമായ നടപടിക്രമങ്ങളും നികുതി വ്യവസ്ഥയുടെ ഭാഗമാകാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നു. എഫ്എസിടിഎ, സിആർഎസ് എന്നിവ വന്നതോടെ വിദേശ ആസ്തികൾ മറച്ചുവെക്കൽ അസാധ്യമായി. പിടിക്കപ്പെടാൻ എളുപ്പമാണെന്ന ബോധ്യം പലരെയും നികുതി നൽകാൻ പ്രേരിപ്പിക്കുന്നു.

സാങ്കേതിക വിദ്യയുടെ പ്രയോജനം രാജ്യത്തിനും വ്യക്തികൾക്കും ഒരുപോലെ ഗുണം ചെയ്യുന്നു. അതിവേഗം ലഭിക്കുന്ന റീഫണ്ടുകൾ സാങ്കേതിക വിദ്യയിലുള്ള നികുതിദായകരുടെ ആത്മവിശ്വാസം വർധിപ്പിച്ചു. ഒന്നും രണ്ടും വർഷം കാത്തിരുന്ന കാലമുണ്ടായിരുന്നു. ജൂലായ് തുടക്കത്തിൽ റിട്ടേൺ നൽകിയവർക്ക് ഇതിനകം റീഫണ്ട് ലഭിച്ചുകഴിഞ്ഞു.

## ആഗോള നിർമ്മാണകയറ്റുമതി ഹബ്ബായി ഇന്ത്യയെ മാറ്റാൻ വിമാന നിർമ്മാതാക്കളായ ദസോ ഏവിയേഷൻ

**ന്യൂദൽഹി:** ഫ്രഞ്ച് യുദ്ധവിമാനമായ റഫാലിന്റെ ആഗോള നിർമ്മാണകയറ്റുമതി ഹബ്ബായി ഇന്ത്യയെ മാറ്റാൻ വിമാന നിർമ്മാതാക്കളായ ദസോ ഏവിയേഷൻ തയ്യാറെടുക്കുന്നു. ഭാരതീയ വ്യോമസേനയ്ക്കുള്ള വിമാനങ്ങൾക്കൊപ്പം മറ്റ് രാജ്യങ്ങൾക്ക് ആവശ്യമായ റഫാൽ വിമാനങ്ങളുടെ പ്രധാന ഘടകങ്ങളും ഇന്ത്യയിൽ തന്നെ നിർമ്മിച്ച് കയറ്റുമതി ചെയ്യാനുള്ള കൂറ്റൻ പദ്ധതിക്കാണ് വഴിയൊരുങ്ങുന്നത്. ഇന്ത്യ ആവശ്യപ്പെട്ട 114 റഫാൽ യുദ്ധവിമാനങ്ങൾക്കായുള്ള കരാർ യാഥാർത്ഥ്യമാകുന്നതോടെ പ്രതിരോധ ഉൽപ്പാദന രംഗത്ത് വലിയൊരു ചരിത്രപരമായ കുതിച്ചുചാട്ടത്തിനാവും രാജ്യം സാക്ഷ്യം വഹിക്കുക.

ഇന്ത്യൻ വ്യോമസേനയ്ക്കായി 114 റഫാൽ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള 'അഭ്യർത്ഥനാ കത്തിന്' ഓഗസ്റ്റ് പകുതിയോടെ ഫ്രാൻസ് ഔദ്യോഗിക മറുപടി നൽകുമെന്നാണ് റിപ്പോർട്ടുകൾ. ഈ വർഷം മേയിലാണ് ഇന്ത്യ ഫ്രാൻസിന് ഇത് സംബന്ധിച്ച ഔദ്യോഗിക അഭ്യർത്ഥന കൈമാറിയത്. ഫ്രാൻസിന്റെ മറുപടി ലഭിക്കുന്നതോടെ വിമാനങ്ങളുടെ വിലയും മറ്റ് പ്രധാന ഉഭയകക്ഷി ഉപാധികളും സംബന്ധിച്ച നിർണ്ണായക ചർച്ചകൾ ഇരുരാജ്യങ്ങളും തമ്മിൽ ആരംഭിക്കും.

ഈ വൻകിട പ്രതിരോധ കരാർ അന്തിമമായാൽ 114 വിമാനങ്ങളിൽ 94 എണ്ണവും ഫ്രഞ്ച് കമ്പനിയായ ദസോ ഏവിയേഷൻ ഒരു ഇന്ത്യൻ പങ്കാളിത്ത കമ്പനിയുമായി ചേർന്ന് ഇന്ത്യയിൽ തന്നെയാവും നിർമ്മിക്കുക. നിലവിൽ ഫ്രാൻസിലെ ദസോയുടെ സ്വന്തം നിർമ്മാണശാലയിൽ മാത്രമാണ് റഫാൽ പൂർണ്ണമായും നിർമ്മിക്കുന്നത്. ഇന്ത്യയിൽ നിർമ്മാണ യൂണിറ്റ് വരുന്നതോടെ വിദേശ നിർമ്മാതാവ് സാങ്കേതികവിദ്യ കൈമാറി മറ്റൊരു രാജ്യത്ത് ഇത്രയധികം വിമാനങ്ങൾ നിർമ്മിക്കുന്ന അപൂർവ്വ നേട്ടത്തിനും വഴിയൊരുങ്ങും.

ഐക്യ അറബ് എമിറേറ്റുകൾ, ഈജിപ്ത്, ഇന്തോനേഷ്യ, സെർബിയ, ഗ്രീസ് എന്നീ രാജ്യങ്ങളിലായി 220 റഫാൽ വിമാനങ്ങൾ നിർമ്മിച്ചു നൽകാനുള്ള കരാറുകൾ നിലവിൽ ഫ്രാൻസിന് ലഭിച്ചിട്ടുണ്ട്.

# മാഗ്മയെ ഏറ്റെടുക്കാൻ പതഞ്ജലി

**ന്യൂദൽഹി:** ടൂത്ത് പേസ്റ്റും ഫേസ് വാഷും ആയുർവേദ ഉത്പന്നങ്ങളുമൊക്കെ പരീക്ഷിച്ച ബാബ രാംദേവിന്റെ പതഞ്ജലി ഇൻഷുറൻസ് മേഖലയിലേക്കും ചുവടുവെക്കുന്നു. പതഞ്ജലി ആയുർവേദയും ഭക്ഷ്യമിഠായി മേഖലയിലെ അതികായന്മാരായ ഡി.എസ് ഗ്രൂപ്പും സംയുക്തമായാണ് ഏറ്റെടുക്കൽ നടത്തുന്നത്. മാഗ്മ ജനറൽ ഇൻഷുറൻസിനെ ഏറ്റെടുക്കുന്നതിനുള്ള 4,500 കോടി രൂപയുടെ കരാറിന് ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി അനുമതി നൽകി.



നിത്യോപയോഗ സാധനങ്ങളിൽ നിന്ന് സാമ്പത്തിക സേവന രംഗത്തേക്കുള്ള ചുവടുമാറ്റം പതഞ്ജലിക്ക് നിർണായകമായ നീക്കമാണ്. ഉത്പന്ന വിപണിയിലെ ലാഭവിഹിതത്തിലെ അനിശ്ചിതത്വങ്ങളിൽ നിന്ന് ഇൻഷുറൻസ് പ്രീമിയങ്ങളിലൂടെയുള്ള സ്ഥിരമായ വരുമാനത്തിലേക്ക് കമ്പനി മാറുന്നു എന്നതാണ് ശ്രദ്ധേയം. എഫ്.എം.സി.ജി ബ്രാൻഡിനപ്പുറം വൻകിട ബിസിനസ് ഗ്രൂപ്പുകളുടെ പട്ടികയിലേക്ക് പതഞ്ജലിയുമെത്തുകയാണ്.

കമ്പനിയുടെ 98 ശതമാനം ഓഹരികളും പതഞ്ജലിയുടെയും ഡി.എസ് ഗ്രൂപ്പിന്റെയും നിയന്ത്രണത്തിലാകും. അദാർ പൂനവാല ഗ്രൂപ്പിന്റെ ഭാഗമായ സനോട്ടി പ്രോപ്പർട്ടീസ് എൽ.എൽ.പി ഒഴിയുന്നതോടെ, ഭൂരിഭാഗം ഓഹരികളും കൈവശമുള്ള പതഞ്ജലിക്ക് കമ്പനിയുടെ നയരൂപീകരണത്തിലും ഭരണഘടനയിലും ഇടപെടാനാകും. ചെറുകിട ഓഹരി ഉടമകളിൽ നിന്നുള്ള ഇടപെടലുകളില്ലാതെ കമ്പനിയുടെ ബ്രാൻഡ് മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ ഇതിലൂടെ കഴിയും.

ഇൻഷുറൻസ് കമ്പനി കെട്ടിപ്പടുക്കുന്നതിലെ വെല്ലുവിളികളും സാമ്പത്തിക റിസ്കുകളും ലഘൂകരിക്കാൻ നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനത്തെ ഏറ്റെടുക്കുന്നതോടെ പതഞ്ജലിക്കാവും. വാഹനം, ആരോഗ്യം, വസ്തു എന്നീ വിഭാഗങ്ങളിൽ ഇതിനകം തന്നെ മാഗ്മ ജി.ഐ.സി ശക്തമായ സാന്നിധ്യം അറിയിച്ചിട്ടുണ്ട്.

മാഗ്മയ്ക്കുള്ള വാഹന നിർമാതാക്കളുമായുള്ള ബന്ധം മോട്ടോർ ഇൻഷുറൻസ് രംഗത്ത് പതഞ്ജലിക്ക് നേട്ടമാകും. സ്വന്തമായി വികസിപ്പിച്ചെടുക്കാൻ വർഷങ്ങളെടുക്കുന്ന വിതരണ ശൃംഖലകളിലേക്ക് നേരിട്ടുള്ള പ്രവേശനം ഇൻഷുറൻസ് വിപണിയിൽ പതഞ്ജലിക്ക് മികച്ച തുടക്കം നൽകും. അതോടൊപ്പം പതഞ്ജലിയുടെ സ്വന്തം റീട്ടെയിൽ ശൃംഖല കൂടി ചേരുന്നതോടെ വിപണിയിലെ മത്സരം കൂടുതൽ ശക്തമാകും.






## കെ.വി.വി.ഇ.എസ് : സംസ്ഥാന ഭാരവാഹികൾ ചുമതയേറ്റു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന ട്രഷററായി പി.സി.ജേക്കബും, സംസ്ഥാന സെക്രട്ടറിയായി ജിമ്മി ചകൃത്തും ചുമതലയേറ്റു. 2019 മുതൽ എറണാകുളം ജില്ലാ പ്രസിഡന്റാണ് പി.സി.ജേക്കബ്. എറണാകുളം ജില്ലാ വർക്കിംഗ് പ്രസിഡന്റാണ് ജിമ്മി ചകൃത്ത്.



പി.സി.ജേക്കബ്



ജിമ്മി ചകൃത്ത്

## ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ നിയമനം

**കൊച്ചി:** എറണാകുളം ജില്ലാ കോടതിയിലെ ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേക്ക് വ്യവസ്ഥകൾക്കു വിധേയമായി പുതിയ അഭിഭാഷകനെ നിയമിക്കുന്നതിന് യോഗ്യരായ അഭിഭാഷകരുടെ പാനൽ തയ്യാറാക്കുന്നു.

നിശ്ചിത യോഗ്യത ഉള്ളവരും, ബാർ അസോസിയേഷനിൽ രജിസ്റ്റർ ചെയ്ത് ഏഴു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും 60 വയസ്സ് കവിയാത്തവരുമായ അഭിഭാഷകർക്ക് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം ജനനത്തിയതി, എൻറോൾമെന്റ് നമ്പർ & തിയതി, പ്രവൃത്തിപരിചയം, ഫോൺ നമ്പർ, ഇമെയിൽ ഐ.ഡി, അപേക്ഷകർ ഉൾപ്പെട്ടുവരുന്ന പോലീസ് സ്റ്റേഷൻ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ വിശദമായ രണ്ട് സെറ്റ് ബയോഡാറ്റയും ജനനത്തിയതി, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളും, ബിരുദം, എൻറോൾമെന്റ്റ് സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, കൈകാര്യം ചെയ്ത ഏതെങ്കിലും മൂന്ന് കേസുകളുടെ ( സിവിൽ/ ക്രിമിനൽ ) വിധിപ്പകർപ്പ്, തിരിച്ചറിയൽ രേഖ, പട്ടികജാതി/വർഗ വിഭാഗത്തിൽപെട്ട അപേക്ഷകരാണെങ്കിൽ ആറു മാസത്തിനുള്ളിൽ വാങ്ങിയ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉള്ളടക്കം ചെയ്യണം. അപേക്ഷ സീനിയർ സൂപ്രണ്ട്, സ്യൂട്ട് സെക്ഷൻ, കളക്ടറേറ്റ് സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം 682030 എന്ന വിലാസത്തിൽ 2026 ആഗസ്റ്റ് 14 വൈകിട്ട് നാലു മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

## വൈപ്പിൻ എം.എൽ.എ ആസ്തി വികസന ഫണ്ട്: പദ്ധതികളുടെ പുരോഗതി വിലയിരുത്തി യോഗം

**കൊച്ചി:** വൈപ്പിൻ നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ ടോണി ചമ്മിണി എം.എൽ.എയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

മൂന്ന് തവണ ടെൻഡർ ചെയ്തിട്ടും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കണം. പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ ഇനി മുതൽ രണ്ട് മാസത്തിലൊരിക്കൽ അവലോകന യോഗം ചേരും. പഞ്ചായത്ത് പ്രസിഡന്റുമാരുമായും ജനപ്രതിനിധികളുമായും പ്രത്യേക കൂടിക്കാഴ്ച നടത്താനും യോഗത്തിൽ തീരുമാനമായി.

ടെൻഡർ എടുക്കാൻ കരാറുകാർ മുന്നോട്ടുവരാത്ത സ്കൂൾ വികസന പദ്ധതികൾ, നിശ്ചിത തുകയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പാരൻസ് ടീച്ചേഴ്സ് അസോസിയേഷനുകളെ ഏൽപ്പിച്ച് നടത്താൻ അനുവദിക്കുന്ന തരത്തിൽ നിലവിലെ നിയമങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാരിനോട് ആവശ്യപ്പെടുമെന്ന് എം.എൽ.എ അറിയിച്ചു.

സിവിൽ സ്റ്റേഷനിലെ എ.ഡി.എം ചേംബറിൽ ചേർന്ന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ. മനോജ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന കർഷക ദിനാഘോഷത്തിന്റ ഉദ്ഘാടനത്തോടനുബന്ധിച്ച് ആഗസ്റ്റ് 17 നു കളമശ്ശേരി ആഷിസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം, ഉച്ചഭക്ഷണം എന്നിവ നൽകുന്നതിനുള്ള ടെൻഡർ ക്ഷണിച്ചു. മുദ്രവെച്ച ടെൻഡറുകൾ ആഗസ്റ്റ് അഞ്ച് ഉച്ചയ്ക്ക് 2.30 മണിക്ക് മുൻപായി കാക്കനാട് ജില്ലാ കൃഷി ഓഫീസിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0484 2422224.

# വല്ലാർപാടം പുനരധിവാസം: പ്ലോട്ടുകൾ മണ്ണിട്ടുയർത്തി വാസയോഗ്യമാക്കാൻ കർമ്മപദ്ധതി

**കൊച്ചി:** വല്ലാർപാടം പുനരധിവാസത്തിന്റെ ഭാഗമായി തുതിയൂർ, ഇന്ദിരാനഗർ, മുളവുകാട് എന്നീ പഞ്ചായത്തുകളിൽ അനുവദിച്ചിട്ടുള്ള പ്ലോട്ടുകളിൽ മണ്ണിട്ടുയർത്തി വാസയോഗ്യമാക്കുന്നതിന് കർമ്മപദ്ധതി. ജില്ലാ കളക്ടർ ജി. പ്രിയങ്ക, വൈപ്പിൻ എം.എൽ.എ. ടോണി ചമ്മിണി എന്നിവരുടെ അധ്യക്ഷതയിൽ ചേർന്ന മൂലമ്പിള്ളി പാക്കേജ് മോണിറ്ററിങ് കമ്മിറ്റിയുടെ പ്രത്യേക യോഗത്തിലാണ് തീരുമാനമുണ്ടായത്.

പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിലുള്ള സമിതിക്കാണ് കർമ്മപദ്ധതിയുടെ നടത്തിപ്പ് ചുമതല. കൊച്ചി തുറമുഖ ട്രസ്റ്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ചീഫ് എൻജിനീയർ, സ്ഥലം തഹസിൽദാർ, പോലീസ്, സമരസമിതി പ്രതിനിധികൾ തുടങ്ങിയവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

പ്ലോട്ടുകളിലേക്ക് ആവശ്യമായ മണ്ണിന്റെ അളവ് തിട്ടപ്പെടുത്തൽ, അവിടേക്ക് മണ്ണ് എത്തിക്കുക, മണ്ണ് കോംപാക്ട് ചെയ്ത് ഉറപ്പിക്കുക എന്നിവയുടെ ചുമതല പൊതുമരാമത്ത് വകുപ്പിനാണ്. ഇതിനാവശ്യമായ മണ്ണ് പോർട്ട് ട്രസ്റ്റ് ലഭ്യമാക്കും. മണ്ണ് ഇട്ട് ഉയർത്തിയ ശേഷം വീട് നിർമാണത്തിന് ആവശ്യമായ ഉറപ്പും ഗുണനിലവാരവും ഉണ്ടോ എന്ന് കെ എം ആർ എൽ പരിശോധിച്ചു ഉറപ്പുവരുത്തും.

പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളിൽ നിന്ന് ഒരാൾക്കെങ്കിലും ജോലി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യാൻ ജില്ലയിൽ നിന്നുള്ള മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ കളക്ടർ എന്നിവരെ ഉൾപ്പെടുത്തി ഉന്നതതല യോഗം വിളിച്ചുചേർക്കും. മുളവുകാട് പുനരധിവാസ ഭൂമിയിൽ മുളവുകാട് പോലീസ് സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലുകൾ രണ്ടാഴ്ചയ്ക്കകം നീക്കം ചെയ്യും.

വല്ലാർപാടം ഐ.സി.ടി.ടി റോഡ് കണക്റ്റിവിറ്റിക്കായി സ്ഥലം വിട്ടു നൽകിയവർക്ക് കണ്ടെയ്നർ റൂട്ടിൽ സൗജന്യ ടോൾ പാസ് അനുവദിക്കാൻ നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് യോഗം നിർദ്ദേശം നൽകി.

കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ലഭിച്ച നഷ്ടപരിഹാര തുകയിൽ നിന്ന് സംസ്ഥാന സർക്കാർ ഉത്തരവിന് വിരുദ്ധമായി വരുമാനനികുതി പിടിച്ചെടുത്തത് തിരിച്ചുനൽകാൻ കേന്ദ്ര ഇൻകം ടാക്സ് വകുപ്പിന് കത്തയക്കാൻ കൊച്ചി തുറമുഖ ട്രസ്റ്റിനോട് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

മൂലമ്പിള്ളി പുനരധിവാസ പാക്കേജ് ഉത്തരവ് പ്രകാരം നൽകേണ്ട വാടക കുടിശ്ശിക അടിയന്തരമായി നൽകുന്നതിനും, കണ്ടെയ്നർ റോഡിൽ നിന്ന് മൂലമ്പിള്ളി പുനരധിവാസ ഭൂമിയിലേക്ക് വാഹനങ്ങൾ എത്തുന്നതിന് സർവീസ് റോഡ് നിർമ്മിക്കുന്നതിനായി എൻ.എച്ച്.എ.ഐ. നൽകിയിട്ടുള്ള പ്രൊപ്പോസലിൽ ഉടൻ തീരുമാനമെടുക്കുന്നതിനും യോഗത്തിൽ നിർദ്ദേശം നൽകി. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽപാത നിർമാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട ഇടപ്പള്ളി നോർത്ത്, സൗത്ത് വില്ലേജ് പരിധിയിലെ 56 കുടുംബങ്ങൾക്ക് 18 വർഷം മുൻപ് നാല് സെന്റ് വീതം അനുവദിച്ച പ്ലോട്ടുകൾ ചതുപ്പുപ്രദേശമായതിനാൽ താമസയോഗ്യമല്ലാതെ ഒഴിഞ്ഞുകിടക്കുകയാണ്. ഇവിടെ നിർമിച്ച മൂന്ന് വീടുകളിൽ രണ്ടെണ്ണവും താമസയോഗ്യമല്ലാതായി. വല്ലാർപാടം പദ്ധതിക്കും ഇതോടനുബന്ധിച്ച റോഡിനും റെയിലിനുമായി കുടിയൊഴിപ്പിക്കപ്പെട്ട 316 കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഏഴിടങ്ങളിലാണ് ഭൂമി അനുവദിച്ചിരുന്നത്. ഇതിൽ തുതിയൂർ മുട്ടുകാൽ റോഡിന് സമീപമുള്ള രണ്ടിടങ്ങളും മുളവുകാട് പോലീസ് സ്റ്റേഷന് സമീപവും അനുവദിച്ച പ്ലോട്ടുകളും വീട് നിർമാണത്തിന് അനുയോജ്യമല്ലെന്ന് ചൂണ്ടിക്കാട്ടി വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ മുൻപ് മുഖ്യമന്ത്രിക്ക് പരാതി നൽകിയിരുന്നു.

കാക്കനാട് ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ വരാപ്പുഴ അതിരൂപത രാഷ്ട്രീയകാര്യ സമിതി പ്രസിഡന്റ് ഫാ. ഫ്രാൻസിസ് സേവിയർ താന്നിക്കാപ്പിള്ളി, സമരസമിതി അംഗങ്ങളായ ഫ്രാൻസിസ് കളത്തുങ്കൽ, വി പി വിൽസൺ, കുരുവിള മാത്യൂസ്, ഏലൂർ ഗോപിനാഥ് , ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




# കത്തോലിക്ക കോൺഗ്രസ് ദേശീയസമ്മേളനം സമാപിച്ചു

**മുംബൈ:** രാജ്യത്തെ പുതിയ നിയമങ്ങൾ സമുദായങ്ങളുടെ നിലനിൽപിനെ ബാധിക്കുന്നതാകരുതെന്നും നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് പൗരസ്വാതന്ത്രം നിഷേധിക്കുന്നത് പരിഷ്കൃത സമൂഹത്തിന് ഭൂഷണമല്ലെന്നും കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് പറഞ്ഞു. കത്തോലിക്കാ കോൺഗ്രസ് നാഷനൽ കോൺഫറൻസിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കർദ്ദിനാൾ.

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ സുവിശേഷത്തിന് സാക്ഷ്യം നൽകുന്ന അൽമായരെ നന്ദിയോടെ ഓർക്കുന്നു. സുവിശേഷം പ്രസംഗിക്കുവാനും അപരന് നന്മ ചെയ്യാനും ആരേയും ഭയക്കേണ്ടതില്ല. നമ്മുടെ കടമയാണിത്. ഭയം കൂടാതെ അത് നിർവഹിക്കണമെന്നും കർദ്ദിനാൾ ഓർമ്മിപ്പിച്ചു.

പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷനായി. ആർച്ച് ബിഷപ്പുമാരായ മാർ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, മാർ.ജോസഫ് അരുമച്ചാടത്ത്, ഡയറക്ടർ ഫാ ഫിലിപ്പ് കവിയിൽ,ജന.സെക്രട്ടറി ഡോ.ജോസുകുട്ടി ജെ ഒഴുകയിൽ, ബെന്നി ആന്റണി,

മോൺ. സിറിയക് കുമ്പാട്ട്, ട്രീസലിസ് സെബാസ്റ്റ്യൻ,രാജീവ് തോമസ് എന്നിവർ പ്രസംഗിച്ചു.

വിവിധ വിഷയങ്ങളിൽ കേന്ദ്ര ന്യൂനപക്ഷ കമ്മിഷൻ അംഗം ഗ്ലെൻ ഇസൂസ ടിക്ലോ, അനൂപ് ആന്റണി, ഫാ.വർഗീസ് വള്ളിക്കാട്ട്, ജോർജ് കള്ളിവയലിൽ,അഡ്വ. ബിജു പറയനിലം, ഡോൾഫി ഡിസൂസ, സജി വർക്കി, ഡോ.കെ.എം. ഫ്രാൻസിസ് തുടങ്ങിയവർ പ്രസംഗിച്ചു. പൻവേൽ എആർസിയിൽ നടക്കുന്ന സമ്മേളനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 170 പ്രതിനിധികൾ പങ്കെടുത്തു. പാനൽ ചർച്ച, സംവാദം, വിവിധ വിഷയങ്ങളിൽ സെമിനാറുകൾ, നയ രൂപീകരണം എന്നിവ നടന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എം.ജി സർവകലാശാല

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (സി.എസ്.എസ്) (2025 അഡ്മിഷൻ റെഗുലർ / 2024, 2023, 2022, 2021, 2020 അഡ്മിഷനുകൾ സപ്ലിമെന്ററി / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) ബിരുദാനന്തര ബിരുദ പരീക്ഷ, മെയ് 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 3 മുതൽ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷകൾ മാറ്റിവച്ചു

ഓഗസ്റ്റ് 3, 4, 6 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എംഎ (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിബിഎ, ബിഎ എൽഎൽബി (ഓണേഴ്സ്) (2024 അഡ്മിഷൻ റഗുലർ, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി (ഓണേഴ്സ്) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

ബിഎഡ് അവസാന സപെഷ്യൽ മെഴ്സി ചാൻസ് ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

നാലാം സെമസ്റ്റർ ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം) ഡിഗ്രി പരീക്ഷ (2018–2023 അഡ്മിഷനുകൾ റീഅപ്പിയറൻസ് / 2017, 2016 അഡ്മിഷനുകൾ മേഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.




‘പുകവലിക്കരുത്, ജീവിതം അഭിവൃദ്ധിപ്പെടട്ടെ‘ എന്ന മുദ്രാവാക്യവുമായി കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ പ്രൊഫ. മോനമ്മ കൊക്കാട്ട് നയിക്കുന്ന 'തൂഫാൻ' ഐക്യദാർഢ്യ റാലി ഫേസ് ഫൗണ്ടേഷന്റെ മാനേജിംഗ് ട്രസ്റ്റി ടി.ആർ. ദേവൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു.

# കേരളത്തിന്റെ ‘തൂഫാൻ’ മയക്കുമരുന്ന് വിരുദ്ധ കാമ്പെയ്നിനെ പിന്തുണച്ച് പ്രൊഫ. മോനമ്മ കൊക്കാട്ട് കൊച്ചിയിൽ ഐക്യദാർഢ്യ റാലിക്ക് നേതൃത്വം നൽകി

**കൊച്ചി:** കേരള സർക്കാരിന്റെ ലഹരി വിരുദ്ധ സംരംഭമായ 'തൂഫാൻ' ന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട്, ‘പുകവലിക്കരുത്, ജീവിതം അഭിവൃദ്ധിപ്പെടട്ടെ‘ എന്ന മുദ്രാവാക്യവുമായി കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ പ്രൊഫ. മോനമ്മ കൊക്കാട്ട് പൊതുജന ബോധവൽക്കരണ റാലിക്ക് നേതൃത്വം നൽകി. മയക്കുമരുന്ന് രഹിത സമൂഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പുകയില ഉപയോഗത്തിനും ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിനുമെതിരെ പൊതുജന അവബോധം ശക്തിപ്പെടുത്തുന്നതിനുമാണ് പരിപാടി ലക്ഷ്യമിട്ടത്. ഫേസ് ഫൗണ്ടേഷന്റെ മാനേജിംഗ് ട്രസ്റ്റി ടി.ആർ. ദേവൻ റാലി ഫ്ലാഗ് ഓഫ് ചെയ്തു.

1999ലെ ഹൈക്കോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തുടനീളം പുകവലിക്കാരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവെന്ന് ചടങ്ങിൽ സംസാരിച്ച പ്രൊഫ. മോനമ്മ കൊക്കാട്ട് പറഞ്ഞു. എന്നിരുന്നാലും, ലിംഗഭേദമില്ലാതെ യുവാക്കൾക്കിടയിൽ പുകവലി വീണ്ടും വർദ്ധിച്ചുവരുന്നതിൽ അവർ ആശങ്ക പ്രകടിപ്പിച്ചു. അപകടകരമായ രാസ മയക്കുമരുന്ന് ആസക്തിയിലേക്കുള്ള ആദ്യപടിയായി പുകയില ഉപയോഗം പലപ്പോഴും മാറുന്നുവെന്ന് അവർ മുന്നറിയിപ്പ് നൽകി, ഇത് നിരന്തരമായ പൊതുജന അവബോധ പ്രവർത്തനങ്ങൾക്ക് മുമ്പെന്നത്തേക്കാളും പ്രധാനമാക്കുന്നു.

ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി, കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ‘ഒരിക്കലും ഞാൻ മയക്കുമരുന്നിലേക്ക് പോകരുത്‘ എന്ന സന്ദേശം ഉൾക്കൊള്ളുന്ന ലഘുലേഖകൾ വളണ്ടിയർമാർ വിതരണം ചെയ്തു. സൗമി സെബാസ്റ്റ്യൻ, അഡ്വ. എം.ജി. ശ്രീജിത്ത്, ടി.ആർ. ദേവൻ, ജീവൻ ലാൽ രവി എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു.




# അച്ചടിമേഖല മാറ്റത്തിന് തയാറാകണം: മന്ത്രി

**കൊടുങ്ങല്ലൂർ:** അതിവേഗം മാറുന്ന ആധുനിക സാങ്കേതികവിദ്യയുടെ ഗതിവേഗത്തിനൊപ്പം അച്ചടിമേഖലയും മാറ്റത്തിന് തയാറാകണമെന്ന് മന്ത്രി ഒ. ജെ. ജനീഷ് അഭിപ്രായപ്പെട്ടു.

കേരള പ്രിൻറേഴ്സ് അസോസിയേഷൻ തൃശൂർ ജില്ലാ സമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു ജനീഷ് . അച്ചടിരംഗം സമഗ്രവും സമൂലവുമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. പുതിയ സാങ്കേതികവിദ്യകളോട് സമരസപ്പെട്ടു മാത്രമേ ഇനിയൊരു മുന്നോട്ടുപോക്ക് സാധ്യമാകൂവെന്ന തിരിച്ചറിവോടെ പ്രവർത്തിക്കാൻ അച്ചടിമേഖലയിലുള്ളവർ തയാറാകണം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാറ്റഗറികളിൽ ഭേദഗതികൾ വരുത്തി, അഞ്ച് എച്ച്പിക്ക് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ചെറുകിട പ്രസുകളുടെ ലൈസൻസ് പുതുക്കുന്നതിലുള്ള സാങ്കേതിക തടസങ്ങൾ ഒഴിവാക്കുന്നതടക്കം സംഘടന മുന്നോട്ടുവച്ച ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുമെന്നും മന്ത്രി ഉറപ്പുനൽകി.

ജില്ലാ പ്രസിഡൻറ് സണ്ണി കുണ്ടുകുളം അധ്യക്ഷതവഹിച്ചു. സംസ്ഥാന പ്രസിഡൻറ് വൈ. വിജയൻ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ വനിതാവിംഗ് ഉദ്ഘാടനം സംസ്ഥാന ചെയർപേഴ്സൺ അനിതാ രാജ് നിർവഹിച്ചു. ശ്രീനി, രാജീവ് ഉപ്പത്ത്, രവി പുഷ്പഗിരി, പി. ബിജു, സി. കെ. ഷിജുമോൻ എന്നിവർ സംസാരിച്ചു.

# നിഷാദ് അബൂബക്കർ ഐ.ബി.എ സംസ്ഥാന വൈസ് പ്രസിഡന്റ്



**കൊച്ചി:** കേരള സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റേഴ്സ്, ബിൽഡേഴ്സ് ആൻഡ് ബ്രോക്കേഴ്സ് അസോസിയേഷൻ (ഐബിഎ) സംസ്ഥാന പ്രസിഡന്റ് സാബു വർഗീസ്, ജസ്പെയ്ഡ് ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ മാനേജിംഗ് ഡയറക്ടർ നിഷാദ് അബൂബക്കറിനെ സംസ്ഥാന വൈസ് പ്രസിഡന്റായി പ്രഖ്യാപിച്ചു. കൊച്ചിയിൽ നടന്ന അസോസിയേഷന്റെ വാർഷിക പൊതുയോഗത്തിലാണ് പ്രഖ്യാപനം. സാബു വർഗീസ് സംസ്ഥാന പ്രസിഡന്റായി തുടരും, എൻഎസ് അജാസ് സംസ്ഥാന സെക്രട്ടറിയായി തുടരും.

# എക്സലൻസ് അവാർഡ് വിതരണംചെയ്തു

**ചമ്പക്കുളം:** കുട്ടനാട് നിയോജകമണ്ഡലത്തിൽ എംഎൽഎയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച എക്സലൻസ് അവാർഡ് വിതരണം ചമ്പക്കുളം സെൻറ് മേരീസ് ബസിലിക്ക ഹാളിൽ നടന്നു. കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽനിന്നായി പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ 390 കുട്ടികളെ റെജി ചെറിയാൻ എംഎൽഎയുടെ നേതൃത്വത്തിൽ ആദരിച്ചു. റെജി ചെറിയാൻ എംഎൽഎ അധ്യക്ഷത വഹിച്ച യോഗം കെ.സി. വേണുഗോപാൽ എംപി ഉദ്ഘാടനം ചെയ്തു.

# വയലാർ സർഗ്ഗ സംവാദം ഇന്ന്

തിരുവനന്തപുരം : വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഇന്ന് വൈകിട്ട് നാലിന് തിരുവനന്തപുരം ബ്രിട്ടീഷ് ലൈബ്രറി ഹാളിൽ 'സർഗ്ഗ സംവാദം' എന്ന സാഹിത്യ കൂട്ടായ്മ സംഘടിപ്പിക്കുന്നു.

വയലാറിന്റെ കവിതകളും ഗാനങ്ങളും മലയാള സാഹിത്യത്തിൽ കൊണ്ടുവന്ന മാറ്റങ്ങളും നിലവിലെ സാഹിത്യ പ്രയോഗരീതികളെക്കുറിച്ചുമുള്ള സംവാദം പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും. വയലാർ ട്രസ്റ്റ് അംഗവും വയലാർ വർഷം സംഘാടക സമിതി വർക്കിംഗ് പ്രസിഡന്റുമായ പ്രഭാവർമ്മയുടെ അധ്യക്ഷതയിൽ ചേരുന്ന പരിപാടിയിൽ ഒ. വി. ഉഷ, കുരീപ്പുഴ ശ്രീകുമാർ, ട്രസ്റ്റ് അംഗങ്ങളായ കെ. ജയകുമാർ, ശാരദ മുരളീധരൻ എന്നിവർ പങ്കെടുക്കും.

2025 ഒക്ടോബർ 27 മുതൽ 2026 ഒക്ടോബർ 27 വരെ 50-ാം വയലാർ സ്മൃതിയും വയലാർ അവാർഡിന്റെ അൻപതാം വാർഷികവും സമന്വയിപ്പിച്ച് വയലാർ വർഷമായി ആചരിക്കുകയും ആഘോഷിച്ചും വരികയുമാണ്. ഇതിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തുമായി നിരവധി സംഗീത സാഹിത്യ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സർഗ്ഗ സംവാദവും അത്തരത്തിലൊന്നാണ്.

# ഓറഞ്ച് കംക്വാറ്റ് ഇനി കേരളത്തിലും

ഏകദേശം 2.5 മുതൽ 4 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു ചെറുമരം അല്ലെങ്കിൽ കുറ്റിച്ചെടി എന്ന് കംക്വാറ്റിനെ വിശേഷിപ്പിക്കാം. ഇതുതന്നെ കുറച്ചുകൂടെ ഉയരം കുറഞ്ഞ 1.8 മുതൽ 2.4 മീറ്റർ വരെയുള്ള കുറ്റിച്ചെടികളുമുണ്ട്. എന്നാൽ, വലിയ ചട്ടികളിൽ വളർത്തുമ്പോൾ കഷ്ടിച്ച് 45 സെന്റി മീറ്റർ മുതൽ 75 സെന്റി മീറ്റർ വരെ ഉയരമുള്ള ചെടികളുമുണ്ട്. കുറച്ചുകൂടെ വലിയ ചട്ടികളിലാണെങ്കിൽ ഇത് 1.8 മീറ്റർ വരെ ഉയരത്തിലും വളരും. ഇടതൂർന്നു ശിഖരങ്ങൾ വളരുന്ന സ്വഭാവമാണ് ഇതിന്. ചില ഇനങ്ങളിൽ ശാഖകളിൽ ചെറിയ മുള്ളുകളും കാണാം. ശാഖകളിൽ ഇരുണ്ട പച്ചനിറമുള്ള ഇലകൾ. ഇവയുടെ പുറംഭാഗം തിളക്കമുള്ളതും അടിവശം ഇളംനിറവുമാണ്. നാരകത്തിന്റെ ഇലകൾ പോലെതന്നെ ഇലകൾ ഞെരടിയാൽ സുഗന്ധമുണ്ടാകും. അതുകൊണ്ടുതന്നെ ഈ സുഗന്ധയിലകൾ ചില പരമ്പരാഗത ഔഷധങ്ങളിലും ചായയ്ക്ക് സുഗന്ധം പകരാനും ഉപയോഗിക്കാറുണ്ട്. പൂക്കൾ ചെറുതും നക്ഷത്രാകൃതി ഉള്ളതുമാണ്. സുഗന്ധവാഹിയാണ്. ഒറ്റയ്ക്കോ ചെറിയ കൂട്ടമായോ ഇവ ഇലയിടുക്കുകളിൽനിന്ന് വളരും. ഇനി കായ്കളുടെ കാര്യം; സാധാരണ ഓറഞ്ചിൽനിന്ന് വ്യത്യസ്തമായി ഇവയുടെ തൊലിക്ക് നല്ല മധുരവും കാമ്പിനു പുളിയുമാണ്. കായ്കൾക്ക് ഗോളാകൃതിയോ അണ്ഡാകൃതിയോ ആകാം. വേനൽക്കാലത്തോടെയാണ് ഇതിൽ സുഗന്ധമുള്ള ചെറിയ പൂക്കൾ ഉണ്ടായി കാണുന്നത്.

വിത്തുകൾ വഴിയുള്ള പ്രജനനം സാധ്യമെങ്കിലും കംക്വാറ്റിൽ എയർ ലയറിങ് ഗ്രാഫ്റ്റിങ് രീതികളിലൂടെ തൈകൾ തയാറാക്കി വളർത്തുന്നതിനാണ് പ്രചാരം കൂടുതൽ. പഴുത്ത കംക്വാറ്റ് പഴം മുറിച്ചു അതിൽനിന്ന് വിത്തുകൾ സശ്രദ്ധം എടുക്കുക. അവ കഴുകി 2 3 ദിവസം തണലിൽ ഉണക്കണം. ചാണകപ്പൊടി, കമ്പോസ്റ്റ്, ചകിരിച്ചോറ് (കൊക്കോ പീറ്റ്) എന്നിവ തുല്യ അളവിൽ ചേർത്ത് പോട്ടിങ് മിശ്രിതം തയാറാക്കാം. വെള്ളം കെട്ടാതെ നോക്കണം. ചെറിയ ഗ്രോ ബാഗിലോ ട്രേയിലോ മിശ്രിതം നിറച്ചു അതിൽ വേണം അധികം താഴ്ത്തിയല്ലാതെ വിത്ത് പാകാൻ. വിത്തുകൾ മുളയ്ക്കാൻ മണ്ണിൽ അത്യാവശ്യം ഈർപ്പം വേണം. നാല് മുതൽ ആറാഴ്ച കൊണ്ട് വിത്ത് മുളച്ചുതുടങ്ങും. തൈകൾക്ക് മൂന്ന് സെ.മീറ്റർ ഉയരവും നാലഞ്ചിലകളും ആകുമ്പോൾ കുറച്ചുകൂടെ വലിയ ചട്ടികളിലേക്ക് മാറ്റിനടാം. ഇനി അത്യാവശ്യം വെയിൽ കൊള്ളുന്നിടത്തു വച്ച് വളർത്താം. നന, വളം ചേർക്കൽ, കൊമ്പുകോതൽ തുടങ്ങി വിവിധ പരിചരണങ്ങൾ ഓരോ ഘട്ടത്തിലും നൽകാം. എങ്കിലും വിത്ത് വഴി വളർത്തിയെടുക്കുന്ന കംക്വാറ്റ് ചെടികൾ കായ് പിടിക്കാൻ 8 മുതൽ 10 വർഷം വരെ വേണ്ടിവരും എന്നതാണ് ഏറ്റവും വലിയ പോരായ്മ. എന്നാൽ, ഇതിന്റെ തന്നെ പതിത്തൈകളോ ഒട്ടുതൈകളോ ആണ് നട്ടുവളർത്തുന്നതെങ്കിൽ അവ കായ്ക്കാൻ നട്ട് 23 വർഷം മതിയാകും. ഒട്ടിക്കാനെടുക്കുന്നത് പ്രായപൂർത്തിയുള്ള കായ്കൾ പിടിച്ചുതുടങ്ങിയ ഒരു ശിഖരമാണെങ്കിൽ വലിയ കാലതാമസം ഒട്ടു വരുകയുമില്ല.



കംക്വാറ്റിന്റെ ഒട്ടുതൈകൾ വിൽക്കുന്ന സ്വകാര്യ രജിസ്റ്റേർഡ് നഴ്സറികൾ കേരളത്തിലുണ്ട്. ഓൺലൈനായും തൈകൾ വാങ്ങാൻ സൗകര്യമുണ്ട്. വിലയിൽ ഏകീകരണം ഉണ്ടാകണമെന്നില്ല എന്നുമാത്രം. ഇവിടെ ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ നന്നാകും. റഫ് ലെമൺ എന്ന നാരകത്തിലോ ട്രൈഫോളിയെറ്റ് ഓറഞ്ചിലോ ഒട്ടിച്ച തൈകൾ മാത്രം വാങ്ങുക. വേഗം കായ് പിടിക്കാനും കീടനിയന്ത്രണത്തിനും ഇത് പ്രധാനമാണ്. മഞ്ഞളിച്ച ഇലകൾ, ഇലകളിൽ പുള്ളികൾ, ഇലകൾ വലകെട്ടിയ ചെടികൾ എന്നിവ നിർബന്ധമായും ഒഴിവാക്കുക. ഒട്ടുസന്ധി നോക്കി വാങ്ങണം. സന്ധി നന്നായി ചേർന്നതും മറ്റു പ്രശ്നങ്ങൾ കാണാത്തതും ആയിരിക്കണം. മാത്രമല്ല അത് മൺ നിരപ്പിനു മുകളിൽ നിൽക്കുന്നതുമാകണം. പോളിബാഗിൽ വളർത്തിയ തൈകളാണ് വാങ്ങുന്നതെങ്കിൽ ചുവട്ടിലെ മിശ്രിതം ശ്രദ്ധിക്കുക; മിശ്രിതം അയവുള്ളതും അമിത ഈർപ്പം ഇല്ലാത്തതുമാവണം. തൈകൾ വാങ്ങുമ്പോൾ ഇത്രയും കാര്യങ്ങൾ ശ്രദ്ധിക്കണം. കംക്വാറ്റ് കായ്ച്ചുനിൽക്കുന്ന നഴ്സറികളിൽ നിന്ന് ഒത്തുനോക്കി വേണം തൈകൾ വാങ്ങാനും.

ചെടിയുടെ പ്രായം അനുസരിച്ച് വാണിജ്യകൃഷിയിൽ വളങ്ങൾ ചേർക്കാം. ആദ്യവർഷം ചെടിയൊന്നിന് 2 കിലോ, രണ്ടാം വർഷം 4 കിലോ, മൂന്നാം വർഷം 6 കിലോ, നാലാം വർഷം 8 കിലോ, അഞ്ചാം വർഷം 10 കിലോ, ആറാം വർഷം 10 കിലോ, ഏഴാം വർഷം മുതൽ 10 കിലോ വീതം എന്നതാണ് കാലിവളത്തിന്റെ തോത്. ഇനി രാസവളങ്ങളുടെ കാര്യം നോക്കാം. നൈട്രജൻഫോസ്ഫറസ്പൊട്ടാഷ് എന്നിവ ഒന്നാം വർഷം 40:20:25, രണ്ടാം വർഷം 80:35:50, മൂന്നാം വർഷം 160:75:100, നാലാം വർഷം 300:100:150, അഞ്ചാം വർഷം 600:175:300, ആറാം വർഷം 800:275:750, ഏഴാം വർഷം മുതൽ 800:275:1000 എന്ന തോതിലാണ് രാസവളങ്ങളുടെ ശുപാർശ. ഇതിൽ ജൈവവളം മെയ് മാസവും രാസവളം രണ്ടു തുല്യ ഗഡുക്കളായി ജൂൺജൂലായിലും സെപ്റ്റംബർ ഒക്ടോബറിലും നൽകണം. കൂടാതെ സൂക്ഷ്മമൂലകങ്ങൾ അടങ്ങിയ ലായനി വർഷത്തിൽ രണ്ടുതവണ മാർച്ച് ഒക്ടോബറിൽ, ഒക്ടോബർ നവംബർ മാസങ്ങളിലും തളിച്ച് കൊടുക്കുകയും ചെയ്യാം. 500 ഗ്രാം സിങ്ക് സൾഫേറ്റ്, 500 ഗ്രാം കോപ്പർ സൾഫേറ്റ്, 300 ഗ്രാം മാങ്കനീസ് സൾഫേറ്റ്, 500 ഗ്രാം കുമ്മായം എന്നിവ 100 ലിറ്റർ വെള്ളത്തിൽ കലക്കിയാണ് വർഷത്തിൽ രണ്ടു പ്രാവശ്യമായി തളിക്കേണ്ടത്. വാണിജ്യകൃഷിയിലേ ഇത്തരത്തിൽ കൃത്യമായ രാസവളങ്ങളുടെ ആവശ്യം ഉള്ളൂ എന്നോർക്കുക. കൂടാതെ മരത്തിനു നല്ല ഭംഗിയും കരുത്തും ആകൃതിയും കിട്ടാൻ ആദ്യകാലങ്ങളിൽ കൊമ്പുകോതൽ നടത്താം.

100 ഗ്രാം പഴം കഴിച്ചാൽ തന്നെ ശരീരത്തിന് ദിവസവും ആവശ്യമുള്ള ജീവകംസിയുടെ 73% ലഭിക്കും. 6.5 ഗ്രാം ദഹനസൗഹൃദമായ ഭക്ഷ്യനാര് കിട്ടും. പുറമെ ലിമോണീൻ, ഖർസെറ്റിൻ പോലുള്ള നിരോക്സീകാരകങ്ങളും. ഇതര നാരകഫലങ്ങളെ പോലെയല്ല കംക്വാറ്റ്. ഇതിന്റെ പുറംതൊലി തന്നെ മധുരവുമുള്ളതാണ്. ആരോഗ്യദായകവുമാണ്. അതുനിറയെ സുഗന്ധതൈലങ്ങളും ഫ്ളാവനോയിഡുകളും ആണ്. അതുകൊണ്ടുതന്നെ അതുകൂടെ കഴിക്കുന്നത് ശരീരത്തിൽ നീർവീക്കം ഉണ്ടാകുന്നതു തടയും. ഒപ്പം ശരീരത്തിലെ കൊളസ്ട്രോൾ അധികരിക്കാതെ നോക്കുകയും ചെയ്യും. പഴത്തിന്റെ 80% വെള്ളമായതുകൊണ്ടുതന്നെ അമിതമായ ഊർജോല്പാദനം നടത്താതെ ജലത്തിന്റെ അളവ് നിലനിർത്താനും കഴിവുണ്ട്. ആരോഗ്യസൗഹൃദമായ ലഘുഭക്ഷണമായും വയറു നിറയുന്ന ഒരു 'ഫില്ലർ' ആയും ഇതുപകരിക്കും. കൂടാതെ 71 കിലോകാലറി ഊർജം,15.9 ഗ്രാം കാർബോഹൈഡ്രേറ്റ്,1.8 ഗ്രാം മാംസ്യം, 0.8 ഗ്രാം കൊഴുപ്പ് എന്നിവയ്ക്ക് പുറമെ 15 എം.സി.ജെ ജീവകം എ, 0.09 മില്ലിഗ്രാം റിബോഫ്ലാവിൻ, 8.4 മില്ലിഗ്രാം കോളിൻ, 62 മില്ലിഗ്രാം കാൽസിയം, 0.87 മില്ലിഗ്രാം ഇരുമ്പ്, 20 മില്ലിഗ്രാം മഗ്നീഷ്യം, 0.13 മില്ലിഗ്രാം മാങ്കനീസ്,0.17 മില്ലിഗ്രാം സിങ്ക് എന്നിങ്ങനെയാണ് മറ്റു പോഷകങ്ങളുടെ നിലവാരം.



## ബ്ലൂ ജാവ വാഴപ്പഴത്തിന് വാനില ഐസ്ക്രീമിന്റെ രുചി

ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കുന്നവർക്കും സൗന്ദര്യ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നവർക്കും ഏറെ പ്രിയപ്പെട്ട പഴമായിരിക്കും വാഴപ്പഴം. പച്ചക്കായും മഞ്ഞ നേന്ത്രനും ഒരുപക്ഷേ ചെങ്കതളിയും സുപരിചിതമായിരിക്കും. ഈ പഴത്തിന്റെയെല്ലാം സ്വാദ് ഒരുപോലെയായിരിക്കും. എന്നാൽ ഐസ്ക്രീമിന്റെ രുചിയുള്ള വാഴപ്പഴത്തെ കുറിച്ച് കേട്ടിട്ടുള്ളവർ വളരെ ചുരുക്കമായിരിക്കും. വെള്ളയും നീലയും കലർന്ന നിറമുള്ള തൊലിയാണ് ഈ വാഴപ്പഴത്തിന്. തെക്കുകിഴക്കൻ ഏഷ്യയാണ് ബ്ലൂ ജാവ വാഴയുടെ ജന്മദേശം.

മൂസ ബാൽബിസിയാന, മൂസ അക്യുമിനാറ്റ എന്നീ ഇനങ്ങളുടെ സങ്കരയിനമാണ് ബ്ലൂ ജാവ വാഴപ്പഴം. തൊലിയിലെ പ്രത്യേക മെഴുകുപാളികളാണ് ഇവയ്ക്ക് നീല നിറം നൽകുന്നത്. 15 മുതൽ 20 അടി വരെ ഉയരത്തിൽ ഇവയ്ക്ക് വളരാൻ കഴിയും. ഫിജിയിൽ ഇവയെ 'ഹവായിയൻ ബനാന' എന്നും ഫിലിപ്പീൻസിൽ 'ക്രീ' എന്നും മധ്യ അമേരിക്കയിൽ 'സെനിസോ' എന്നും വിളിക്കുന്നു. പൊതുവേ ഉഷ്ണമേഖലയിൽ വളരാൻ ഇഷ്ടമുള്ള വാഴയിൽ നിന്ന് വ്യത്യാസ്തമാണ് ബ്ലൂ ജാവ.

തണുത്ത താപനിലയെയും അതിജീവിക്കാൻ ഇതിന് കഴിയും. ഐസ്ക്രീമിന്റെ രുചിയായതിനാൽ ഹവായിലും മറ്റും സ്മൂത്തികളിലും ഡെസേർട്ടുകളിലും ഇവ ഉപയോഗിക്കുന്നുണ്ട്. ഏറെ പോഷകഗുണങ്ങൾ നിറഞ്ഞതാണ് ഈ ഐസ്ക്രീം പഴം. നാരുകൾ, മാംഗനീസ്, വിറ്റാമിൻ സി, ബി 6, ഇരുമ്പ്, ഫോസ്ഫറസ്, തയാമിൻ, സെലിനിയം എന്നിവയും അടങ്ങിയിട്ടുണ്ട്. പേശികളുടെ ആരോഗ്യത്തിനും ശരീരഭാരം കുറയ്ക്കുന്നതിനും ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കാനും ഈ ബ്ലൂ ജാവയ്ക്ക് കഴിയും.



# ഓണം ഓഫറുമായി റോയൽ ഫർണിച്ചർ

**കോട്ടയം:** ഓണം ഓഫറുമായി റോയൽ ഫർണിച്ചർ. ബെഡ്റൂം സെറ്റ് ഓഫറിൽ ഫാമിലി കോട്ട്, ഡ്രസിംഗ് ടേബിൾ, കബോർഡ്, ബെഡ് സൈഡ് എന്നിവ ഉൾപ്പെടെ 26,900, 29,900, 33,900 എന്നീ വിലകളിൽ ലഭിക്കും. ഡൈനിംഗ് ടേബിൾ സെറ്റുകൾ 16,500 മുതൽ 32,900 രൂപ വരെ വിലകളിൽ ലഭിക്കും. അഞ്ച് അടി കട്ടിലും കിടക്കയും 21,500 രൂപമുതൽ ലഭിക്കും.

സോഫാ സെറ്റിന് ഒപ്പം കബോർഡ് ഫ്രീ. ഓണം ഓഫറിൽ ഒരു കബോർഡിന് മറ്റൊരു കബോർഡ് ഫ്രീ. സ്റ്റീൽ അലമാരക്ക് ഒപ്പം ടീപോയ് ഫ്രീ. ഒരു ബെഡിന് ഒപ്പം മറ്റൊരു ബെഡ് ഫ്രീ. മറ്റ് ഫർണിച്ചറുകൾക്കും ആകർഷകമായ ഓണം ഡിസ്കൗണ്ടുകളുണ്ട്. 38 വർഷത്തെ സേവന പാരമ്പര്യമുള്ള റോയൽ ഫർണിച്ചർ ഓരോ ഉത്പന്നത്തിനും മികച്ച ക്വാളിറ്റിയും ഗാരന്റിയും ഉറപ്പുനൽകുന്നു. ബജാജ് ഫിൻസെർവ് ഇഎംഐ സൗകര്യവും ലഭ്യമാണ്.

കോടിമതയിലും പട്ടിത്താനത്തും പ്രവർത്തിക്കുന്ന റോയൽ ഫർണിച്ചർ വീട് വീടാന്തരം ഓർഡർ എടുക്കാൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഇത്തരം തട്ടിപ്പുകളിൽ വീഴാതെ റോയൽ ഫർണിച്ചർ ഷോറൂം സന്ദർശിച്ച് ഓഫർ സ്വന്തമാക്കൂ. 9961989987, 9447287703.




# സഞ്ജു സാംസൺ യുഎഇ അൽ അൻസാരി എക്സ്ചേഞ്ചിന്റെ ബ്രാൻഡ് അംബാസഡർ

**ദുബായ്:** യുഎഇയിലെ ധന വിനിമയ സ്ഥാപനമായ അൽ അൻസാരി എക്സ്ചേഞ്ച്, ഇന്ത്യൻ ദേശീയ ക്രിക്കറ്റ് താരം സഞ്ജു സാംസണെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ഒരു വർഷത്തെ പങ്കാളിത്ത കരാറിലാണ് നിയമനം.

ആറു പതിറ്റാണ്ടിലേറെയായി പ്രവർത്തിക്കുന്ന അൽ അൻസാരി എക്സ്ചേഞ്ചുമായി ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പരസ്യ ക്യാമ്പെയ്നുകൾ, ഡിജിറ്റൽ ഉള്ളടക്കങ്ങൾ, പൊതുപരിപാടികൾ, എന്നിവയിൽ സഞ്ജു സാംസൺ ബ്രാൻഡിനെ പ്രതിനിധീകരിക്കും.

ഇന്ത്യയിലും യുഎഇയിലും മറ്റ് അന്താരാഷ്ട്ര വിപണികളിലും വലിയ ആരാധക പിന്തുണയുള്ള സഞ്ജുവിന്റെ സാന്നിധ്യം, ഉപയോക്താക്കളുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സ്ഥാപനത്തിന്റെ മൂല്യങ്ങളായ വിശ്വാസം, മികവ്, പുതുമ എന്നിവ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും സഹായിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

സഞ്ജു സാംസണെ അൽ അൻസാരി എക്സ്ചേഞ്ചിലേക്ക് സ്വാഗതം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്ന് അൽ അൻസാരി ഫിനാൻഷ്യൽ സർവീസസ് ഗ്രൂപ്പ് സിഇഒ റാഷിദ് എ. അൽ അൻസാരി പറഞ്ഞു. സഞ്ജുവിന്റെ കളിക്കളത്തിലെ മികവും പ്രൊഫഷണലിസവും തങ്ങളുടെ സ്ഥാപനത്തിന്റെ അടിസ്ഥാന മൂല്യങ്ങൾക്ക് ചേർന്നതാണെന്നും, യു.എ.ഇയിലെയും മേഖലയിലെയും വലിയ ക്രിക്കറ്റ് പ്രേമികളിലേക്ക് കൂടുതൽ അടുക്കാൻ ഈ സഹകരണം ഉപകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വർഷങ്ങളായി വലിയ വിശ്വാസ്യത നിലനിർത്തുന്ന അൽ അൻസാരി എക്സ്ചേഞ്ചിന്റെ ബ്രാൻഡ് അംബാസഡറാകുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് സഞ്ജു സാംസൺ പ്രതികരിച്ചു. പ്രവാസി സമൂഹങ്ങളുമായി കൂടുതൽ അടുത്ത ബന്ധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണെന്നും സഞ്ജു പറഞ്ഞു.



# കേരള സൈബർ സുരക്ഷാ ഉച്ചകോടി കൊച്ചിയിൽ: എഐ പ്രധാന പ്രമേയം

**ദുബായ്:** കേരളത്തിലെ പ്രമുഖ സൈബർ സുരക്ഷാ നേതൃ സംരംഭമായ കേരള സൈബർ സുരക്ഷാ ഉച്ചകോടി 2026 സെപ്റ്റംബർ 5ന് കൊച്ചിയിലെ ലെ മെറിഡിയനിൽ നടത്തുമെന്ന് സംഘാടകർ ദുബായിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിജിറ്റൽ വിശ്വാസ്യത, സൈബർ പ്രതിരോധശേഷി എന്നിവയുടെ ഭാവി ചർച്ച ചെയ്യുന്നതിനായി 750ലധികം പ്രതിനിധികൾ പങ്കെടുക്കുമെന്ന് കെസിഎസ് എസ് 2026ന്റെ സംഘാടകരായ യുഎഇ ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ് 9 ഇൻഫോടെക് കമ്പനി കോഫൗണ്ടറും സിഇഒയുമായ ജയകുമാർ മോഹൻചന്ദ്രൻ, ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറും സൈബർ സെക്യൂരിറ്റി ബിസിനസ് മേധാവിയുമായ രാജേഷ് വിക്രമൻ, ചീഫ് പീപ്പിൾ ഓഫീസറായ മഞ്ജുഷ ജയകുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

നാൽപ്പതിലധികം പ്രസംഗകർ, ഇരുപതിലധികം വിദഗ്ധ സെഷനുകൾ, പത്തിലധികം മുൻനിര സാങ്കേതിക പങ്കാളികൾ എന്നിവർ ഈ ഉച്ചകോടിയിൽ ഒന്നിക്കും. കേരള സർക്കാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവയുമായി സഹകരിച്ച് എഫ് 9 ഇൻഫോടെക്കാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

ഡേറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ, ടൈ കേരള, കൊച്ചിൻ ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി എന്നിവരുൾപ്പെടെ പ്രമുഖ സ്ട്രാറ്റജിക്, ഇൻഡസ്ട്രി, കമ്മ്യൂണിറ്റി, അക്കാദമിക്, എന്നീ സാങ്കേതിക പങ്കാളികളുടെ ശക്തമായ കൂട്ടായ്മയുടെ പിന്തുണയും ഈ ഉച്ചകോടിക്കുണ്ട്.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറും ഡി ജി പിയുമായ മനോജ് എബ്രഹാം, മുഖ്യാതിഥിയായും മുഖ്യപ്രഭാഷകനായും ചടങ്ങിൽ പങ്കെടുക്കും. കേരള സർക്കാരിലെ മുതിർന്ന മന്ത്രിമാർ, പ്രമുഖ ഭരണാധികാരികൾ, നയരൂപീകരണ വിദഗ്ധർ, നയതന്ത്രജ്ഞർ എന്നിവരും ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു.

ഹൈബി ഈഡൻ, കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, ഡേറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ സി.ഇ.ഒ വിനായക് ഗോഡ്സെ, ഭാരത സർക്കാരിന്റെ മുൻ നാഷണൽ സൈബർ സെക്യൂരിറ്റി കോർഡിനേറ്റർ ലെഫ്റ്റനന്റ് ജനറൽ മാധവൻ ഉണ്ണികൃഷ്ണൻ നായർ എന്നിവർ പ്രഭാഷണം നടത്തും.

# 'പാരിസ് വിത്ത് ലവ്' വാച്ച് ശേഖരം സ്വിസ് ടൈം ഹൗസ് അവതരിപ്പിച്ചു



**കൊച്ചി:** രാഗ ബൈ ടൈറ്റൻ, റീട്ടെയിൽ പങ്കാളിയായ സ്വിസ് ടൈം ഹൗസുമായി സഹകരിച്ച് പാരിസ് വിത്ത് ലവ് എന്ന പേരിൽ പ്രത്യേക വാച്ച് ശേഖരം അവതരിപ്പിച്ചു. സെയ്ൻ നദിയുടെയും മൂലിൻ റൂഷിന്റെയും പ്രചോദനത്തിൽ സ്ത്രീകൾക്കായി ഒരുക്കിയ ആഡംബര വാച്ച് ശേഖരമാണ് പാരിസ് വിത്ത് ലവ്. കളക്ഷനിൽ റിവേഴ്സ് വിസ്പർ, റിപ്പിൾസ് ഓഫ് ഡിസയർ, സ്കാർലറ്റ്സ് സീക്രട്ട് എന്നീ മൂന്ന് ടൈംപീസുകളാണ് ഉൾപ്പെടുന്നത്. 41,995 രൂപ മുതൽ 55,495 രൂപ വരെയാണ് വില. വയലിനിസ്റ്റ് അമൽ വർഗീസ്, ശരത് നന്ദകുമാർ, ഹരിഗൗരി നന്ദ, ഗായിക ജിയ ജീൻ, സ്റ്റൈലിസ്റ്റ് സി.കെ. ലാമിന, ടൈറ്റൻ വാച്ചസ് എം.ബി.ആർ മെർച്ചൻഡൈസിങ് ഹെഡ് ജി. സുരേഷ്, സ്വിസ് ടൈം ഹൗസ് ഡയറക്ടർ അബ്ദുൾ കരീം എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സ്വിസ് ടൈം ഹൗസ് 40 വർഷമായി ടൈറ്റൻ വാച്ച് കമ്പനിയുടെ വിതരണക്കാരാണ്. ചടങ്ങിൽ പാരിസ് വിത്ത് ലവ് ശേഖരം അണിഞ്ഞ് മോഡലുകളുടെ റാംപ് വോക്കും സംഘടിപ്പിച്ചിരുന്നു.

# ഫിലിപ്സ് ഫോക്കസ്ഗ്ലോ ലൈറ്റുകൾ അവതരിപ്പിച്ചു

**കൊച്ചി:** കൃത്യമായ നിറപ്രതിഫലനവും കണ്ണുകൾക്ക് കൂടുതൽ സുഖകരമായ പ്രകാശവും നൽകുന്ന ഫിലിപ്സ് ഫോക്കസ്ഗ്ലോ ലൈറ്റിംഗ് ശ്രേണി 'സിഗ്നിഫൈ' അവതരിപ്പിച്ചു.

വായന, പഠനം, വീട്ടിലിരുന്നുള്ള ജോലി എന്നിവയ്ക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഈ ശ്രേണി സി.ആർ.ഐ. 90ൽ കൂടുതലുള്ള സാങ്കേതികവിദ്യയിലൂടെ വസ്തുക്കളുടെ യഥാർഥ നിറം കാണാൻ സഹായിക്കുന്നു. ഐ കംഫർട്ട് ടെക്നോളജി ഉപയോഗിച്ച് ഫ്ളിക്കർ കുറയ്ക്കുന്നതിനാൽ




ദീർഘനേരം വെളിച്ചത്തിൽ പ്രവർത്തിക്കുമ്പോൾ കണ്ണുകളുടെ ക്ഷീണം കുറയുമെന്നും കമ്പനി അറിയിച്ചു.

12 വാട്ട് എൽഇഡി ബൾബ്, 25, 30 വാട്ട് ബാറ്റൻ, സ്കൈ, ഓർബിറ്റ് ഡെസ്ക് ലാമ്പുകൾ എന്നിവയാണ് പുതിയ ശ്രേണിയിലുള്ളത്. ഉപഭോക്താക്കളുടെ ദൈനംദിന ആവശ്യങ്ങൾ മുൻനിർത്തിയാണ് പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചതെന്ന് സിഗ്നിഫൈ ഗ്രേറ്റർ ഇന്ത്യ കൺസ്യൂമർ ബിസിനസ് ഹെഡ് സി.അരുൺ കുമാർ പറഞ്ഞു.

# ലോകത്തിലെ ഏറ്റവും വലിയ സാരിപ്പൂക്കളം ലോക റെക്കോർഡ് നേട്ടവുമായി തൊടുപുഴ മഹാറാണി വെഡിങ് കളക്ഷൻസ്

**കൊച്ചി:** ലോകത്തിലെ ആദ്യത്തെ ഏറ്റവും വലിയ സാരിപ്പൂക്കളം തീർത്ത് ലോക റെക്കോർഡ് നേടി കേരളത്തിലെ പ്രമുഖ വെഡിങ് ടെക്സ്റ്റൈൽസ് ഡെസ്റ്റിനേഷനായ മഹാറാണി വെഡിങ് കളക്ഷൻസ്. പരമ്പരാഗത രീതിയിലുള്ള പൂക്കളത്തിന് പകരം സാരികൾ മാത്രം ഉപയോഗിച്ച് ഒരുക്കിയ ഏറ്റവും വലിയ പൂക്കളം എന്ന റെക്കോർഡാണ് തൊടുപുഴയിലെ മഹാറാണി വെഡിങ് കളക്ഷൻസ് സ്വന്തമാക്കിയത്. യൂണിവേഴ്സൽ റെക്കോർഡ്സ് ഫോറമാണ് റെക്കോർഡ് പ്രഖ്യാപിച്ചത്. വൈറ്റില ഫോറം മാളിൽ നടന്ന ചടങ്ങിൽ മൾട്ടിപ്പിൾ ഗിന്നസ് റോക്കോർഡ് ഹോൾഡറും യുആർഎഫ് (യൂണിവേഴ്സൽ റെക്കോർഡ്സ് ഫോറം) ചീഫ് എഡിറ്ററുമായ സുനിൽ ജോസഫിൽനിന്നും മഹാറാണി വെഡിങ് കളക്ഷൻസ് എംഡി റിയാസ് വി എ സാക്ഷ്യപത്രം ഏറ്റുവാങ്ങി. വ്യവസായ പ്രമുഖർ, സിനിമ സീരിയൽ താരങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



ഓണാഘോഷത്തിന്റെ ഭാഗമായി വൈറ്റില ഫോറം മാളിലെ വിശാലമായ ഗ്രൗണ്ട് ഫ്ലോറിൽ 2000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ, വൈവിധ്യമാർന്ന നിറങ്ങളിലുള്ള സിൽക്, കാഞ്ചീപുരം പട്ട് ഉൾപ്പെടെയുള്ള 2100 സാരികൾ ഉപയോഗിച്ചാണ് പൂക്കളം ഒരുക്കിയത്.

തൊടുപുഴ മഹാറാണിയിലെ ജീവനക്കാർ ഒരുക്കിയ ഡിസൈൻ, പ്രശസ്ത ചിത്രകാരൻ ഡാവിഞ്ചി സുരേഷും മഹാറാണി ക്രിയേറ്റീവ് ടീമുമാണ് അണിയിച്ചൊരുക്കിയത്. സ്ത്രീത്വത്തെ ആഘോഷിക്കുക എന്ന സന്ദേശമുയർത്തിപ്പിടിച്ചാണ് ഇത്തരമൊരു വേറിട്ട പരിപാടി സംഘടിപ്പിച്ചത്.

സ്ത്രീത്വം ആഘോഷിക്കുന്നതിലൂടെ സ്ത്രീകൾക്ക് ആത്മവിശ്വാസം പകരുകയെന്ന ലക്ഷ്യത്തോടെയാണ് ഏറ്റവും വലിയ സാരിപ്പൂക്കളം ഒരുക്കിയതെന്ന് @ലെസ് മഹാറാണി ഗ്രൂപ്പ് ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ റിയാസ് വി. എ. പറഞ്ഞു. പരമ്പരാഗത കേരള തനിമയും ആധുനിക ഫാഷനും കോർത്തിണക്കി ഒരുക്കിയ ഈ സാരിപ്പൂക്കളത്തിന് ലഭിച്ച അന്താരാഷ്ട്ര അംഗീകാരം ഏറെ സന്തോഷം നൽകുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വൈവിധ്യമാർന്ന വസ്ത്രശേഖരം, ന്യായവില, മികച്ച ഉപഭോക്തൃ സേവനം എന്നിവ തൊടുപുഴ മഹാറാണി വെഡിങ് കളക്ഷൻസിന്റെ പ്രധാന സവിശേഷതകളാണ്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ നിന്നുള്ള സാരികളുടെ അതുല്യ ശേഖരവും തൊടുപുഴ മഹാറാണിയിലുണ്ട്.



# തിരുവല്ല രാമഞ്ചിറയിൽ അതിവിശാലമായ പുതിയ ഭീമ ജ്വല്ലറി ഷോറൂം പ്രവർത്തനം ആരംഭിച്ചു

**തിരുവല്ല:** നൂറുവർഷത്തെ പാരമ്പര്യവും വിശ്വസ്തതയുമുള്ള ഭീമ ജ്വല്ലറി, തിരുവല്ലയിലെ ഉപഭോക്താക്കൾക്കായി കൂടുതൽ വിശാലവും ആധുനികവുമായ ഷോറൂം രാമഞ്ചിറയിൽ തുറന്നു. മുൻപത്തെ ഷോറൂമിന്റെ ഇരട്ടിയോളം വലിപ്പത്തിൽ, ഏകദേശം 10,000 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് പുതിയ ആഭരണ പാരഡൈസ് ഒരുക്കിയിരിക്കുന്നത്.

രാമഞ്ചിറയിലെ പുതിയ ഷോറൂം എം.എൽ.എ വർഗ്ഗീസ് മാമ്മൻ, മുനിസിപ്പൽ ചെയർപേഴ്സൺ ലേഖ എസ്, പ്രമുഖ നടി അദിതി രവി എന്നിവർ ചേർന്ന് ഭീമ ജ്വല്ലറി ചെയർമാൻ ബി. ബിന്ദുമാധവ്, മാനേജിംഗ് ഡയറക്ടർ അഭിഷേക് ബിന്ദുമാധവ് എന്നിവരുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്തു.

വിവാഹങ്ങൾക്കും ആഘോഷങ്ങൾക്കും ഒരു പൂർണ്ണ ആഭരണ കേന്ദ്രം ഏറ്റവും പുതിയ ഡിസൈനുകളിലുള്ള ഡയമണ്ട് ആഭരണങ്ങൾ, സോളിറ്റെയർ കളക്ഷനുകൾ, ഡയമണ്ട് ജ്വല്ലറി, പരമ്പരാഗത സ്വർണ്ണാഭരണങ്ങൾ, ട്രെൻഡി ലൈറ്റ്വെയ്റ്റ് കളക്ഷനുകൾ എന്നിവയുടെ വലിയൊരു ശേഖരം തന്നെ ഇവിടെയൊരുക്കിയിട്ടുണ്ട്. കൂടാതെ, വധൂവരന്മാർക്കായി പ്രത്യേകം സജ്ജീകരിച്ച പരിണയ വെഡ്ഡിംഗ് ഫ്ലോർ ഈ ഷോറൂമിന്റെ പ്രധാന ആകർഷണമാണ്.

# മുത്തൂറ്റ് ഫിനാൻസിൽ നേതൃമാറ്റം: അലക്സാണ്ടർ ജോർജ് പുതിയ മാനേജിങ് ഡയറക്ടർ



**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ പുതിയ മാനേജിങ് ഡയറക്ടറായി അലക്സാണ്ടർ ജോർജിനെ നിയമിക്കാൻ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തു. 2026 ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന ഈ നേതൃമാറ്റത്തിന് കമ്പനിയുടെ വാർഷിക പൊതുയോഗത്തിൽ ഓഹരി ഉടമകളുടെ അംഗീകാരം തേടും.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലേറെയായി കമ്പനിയെ വിജയകരമായി നയിച്ച നിലവിലെ മാനേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് എക്സിക്യൂട്ടീവ് വൈസ് ചെയർമാനാകും. അടുത്ത ഘട്ടത്തിലേക്ക് കമ്പനി കടക്കുമ്പോൾ തന്ത്രപരമായ വഴികാട്ടിയായും പുതിയ നേതൃത്വത്തിന് മാർഗ്ഗദർശിയായും അദ്ദേഹം തുടരും.

മുത്തൂറ്റ് ഫിനാൻസ് മുൻ ചെയർമാൻ പരേതനായ എം. ജി. ജോർജ് മുത്തൂറ്റിന്റെ ഇളയ മകനാണ് അലക്സാണ്ടർ ജോർജ്. നിലവിൽ മുത്തൂറ്റ് ഫിനാൻസിന്റെ ജോയിന്റ് മാനേജിങ് ഡയറക്ടറായ അലക്സാണ്ടർ യു.എസ്.എ.യിലെ ഫ്ലോറിഡ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ അഡ്വാൻസ്ഡ് ഡിപ്ലോമയും തണ്ടർബേർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എ.യും നേടിയിട്ടുണ്ട്. കുടുംബ ബിസിനസിൽ മാനേജരായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം, സ്വന്തം കഴിവ് തെളിയിച്ചാണ് ഉന്നത പദവികളിലേക്ക് ഉയർന്നുവന്നത്.



# പയ്യോളി കോ–ഓപ്പറേറ്റീവ് അർബൻ ബാങ്ക് വാർഷിക പൊതുയോഗം നടന്നു

**കോഴിക്കോട്:** പയ്യോളി കോപ്പറേറ്റീവ് അർബൻ ബാങ്കിന്റെ 2025-26 സാമ്പത്തിക വർഷത്തെ എ ക്ലാസ് അംഗങ്ങളുടെ വാർഷിക പൊതുയോഗം ബാങ്ക് ഹെഡ് ഓഫീസിൽ സുബ്രഹ്മണ്യ അയ്യർ ഹാളിൽവെച്ച് നടന്നു. 212580000 രൂപ വരവും 198250000 രൂപ ചിലവും 14330000 രൂപ ലാഭവും കാണിക്കുന്ന 2027-28 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പൊതുയോഗം അംഗീകരിച്ചു. 2026-27 സാമ്പത്തിക വർഷം പുതിയ ശാഖകൾ ആരംഭിക്കുന്നതിനും അംഗങ്ങൾക്ക് 8% ലാഭവിഹിതം നൽകുന്നതിനും യോഗം തീരുമാനിച്ചു.

ബാങ്ക് ചെയർമാൻ എം.കെ. പ്രേമൻ അധ്യക്ഷത വഹിച്ചു. 2025-26 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സിഇഒ പി. പ്രദീപ് കുമാർ അവതരിപ്പിച്ചു. വി. ഹമീദ് മാസ്റ്റർ, ടി. ചന്തു മാസ്റ്റർ, സി.കെ. ശശി, പി.കെ. രാജൻ, പി.കെ. ശശികുമാർ, ഗംഗാധരൻ കെ, ഗീത എം.എൻ, ശ്രീനിഷാദ് കെ.എം, അരുൺ സി എന്നിവർ സംസാരിച്ചു.

# മുത്തൂറ്റ് ഫിൻകോർപ്പും പിരമൽ ഫിനാൻസും സഹകരിക്കും

**കൊച്ചി:** കുറഞ്ഞ നിരക്കിൽ ഭവനവായ്പകളും എംഎസ്എംഇ പ്രോപ്പർട്ടി ഈടിന്മേലുള്ള വായ്പയും ലഭ്യമാക്കുന്നതിനായി മുത്തൂറ്റ് ഫിൻകോർപ് ലിമിറ്റഡുമായി പിരമൽ ഫിനാൻസ് ലിമിറ്റഡ് കൈകോർത്തു.

പിരമൽ ഫിനാൻസിൻറെ വായ്പാശേഷിയും വിതരണശൃംഖലയും മുത്തൂറ്റ് ഫിൻകോർപ്പിന്റെ ഉപഭോക്തൃവ്യാപ്തിയും വിപണിയിലെ ശക്തമായ സാന്നിധ്യവും പുതിയ പങ്കാളിത്തത്തിന് കൂടുതൽ കരുത്തു പകരുമെന്ന് അധികൃതർ പറഞ്ഞു.